# യഹോവ – യിരെ

## ഉല്പത്തി 22:8

'ദൈവം തനിക്ക് ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊള്ളും, മകനെ, എന്ന് അബ്രഹാം പറഞ്ഞു. അങ്ങനെ അവർ ഇരുവരും ഒന്നിച്ചു നടന്നു.'

അബ്രഹാമിനെ ദൈവം പരീക്ഷിക്കുന്ന വിധമാണ് ഈ അദ്ധ്യായത്തിൽ തുടക്കം മുതൽ വായിക്കുമ്പോൾ നാം കാണുന്നത്. വാഗ്ദത്തപ്രകാരം ലഭിച്ച ഏകജാതനെയാണ് യാഗം കഴിക്കുവാൻ ഇവിടെ ദൈവം ആവശ്യപ്പെടുന്നത്. എന്നാൽ ഈ വിവരം ഒന്നുംതന്നെ അറിയാതെ തന്റെ പിതാവിനൊപ്പം യാത്ര തിരിച്ച യിസഹാക്കിന്റെ ചോദ്യത്തിനുള്ള മറുപടിയായാണ് മുകളിൽ പറഞ്ഞിരിക്കുന്ന ഇന്നത്തെ നമ്മുടെ ചിന്താവാക്യം. തന്റെ പ്രാണനെപ്പോലെ സ്നേഹിച്ച ഏകപുത്രനെ യാഗം കഴിക്കുവാൻ പോകുമ്പോൾ അബ്രാഹാമിന്റെ മാനസികസ്ഥിതി എത്രത്തോളം തളർന്നും നുറുങ്ങിയും ആയിരിക്കും എന്നുള്ളത് നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

ആ ഹൃദയം തകർന്ന അവസ്ഥയിൽപോലും തന്റെ ദൈവം ഹോമയാഗത്തിനുള്ള ഒരു ആട്ടിൻകുട്ടിയെ കരുതിക്കൊള്ളും എന്ന് പറയുമ്പോൾ അവിടെ അവന്റെ ദൈവത്തിലുള്ള പൂർണ്ണമായും ഉറച്ച വിശ്വാസമാണ് പ്രതിഫലിക്കുന്നത്. ആ വിശ്വാസത്തെ മാനിച്ച ദൈവം അപ്രകാരം തന്നെ ഒരു ആട്ടിൻകുട്ടിയെ യാഗത്തിനായി ഒരുക്കിയിരുന്നുവെന്ന് പിന്നീട് വായിക്കുമ്പോൾ നമുക്ക് കാണാം.

ഇപ്രകാരമുള്ള ഒരു വിശ്വാസമാണോ നമ്മിലുള്ളതെന്ന് നമുക്കൊന്ന് ശോധന ചെയ്യാം. നമ്മുടെ ദൈവം നമുക്കായി കരുതുന്നവനാണ്, അതിലൊരു സംശയവുമില്ല. എന്നാൽ ആ ഉറപ്പ് നമ്മിലുണ്ടോ എന്നുള്ളതിനാണ് സംശയം. നമ്മുടെ മുമ്പിലും ഇതുപോലെ ചില ചോദ്യങ്ങൾ ഉയർന്നു വന്നേക്കാം, ഉത്തരം മുട്ടിപ്പോകത്തക്ക വിഷമവേളകളിലും, ഹൃദയം തകർന്ന അവസ്ഥകളിലും എന്റെ ദൈവം എനിക്കായി കരുതിയിട്ടുണ്ട് എന്നു പറയുവാൻ തക്കതായ ഉറച്ച വിശ്വാസമാണ് ഓരോ ഭക്തനും ഉണ്ടായിരിക്കേണ്ടത്.

1പത്രോസ് 5:7 ഇപ്രകാരം പറയുന്നു 'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലങ്ങളും അവന്റെമേൽ ഇട്ടുകൊൾവിൻ'.

വേദപുസ്തകത്തിലെ പല ഭാഗങ്ങളിലും ദൈവം തന്റെ മക്കൾക്കായി കരുതിയ വിധങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഏലിയാവിനെ, കാക്കയെ അയച്ച് പരിപോഷിപ്പിച്ചവനാണ് നമ്മുടെ ദൈവം. യോനയെ മരണത്തിൽ നിന്നും വീണ്ടെടുക്കാൻ മത്സ്യത്തോടു കല്പിച്ചവനാണ് നമ്മുടെ ദൈവം. നാം ചിന്തിക്കുകയും, വിചാരിക്കുകയും ചെയ്യുന്ന വിധത്തിലാകുകയില്ല

ദൈവത്തിന്റെ കരുതൽ. അതുകൊണ്ട് ആ ബലമുള്ള കരത്തിൻകീഴെ താണിരിക്കുവാൻ നാം തയ്യാറാവണം.

പ്രിയസുഹൃത്തേ താങ്കൾ ഇന്നായിരിക്കുന്നത് ഉത്തരം കിട്ടാത്ത പല ചോദ്യങ്ങളുടെയും മുമ്പിലാണോ? എന്നാൽ തെല്ലും സംശയിക്കേണ്ട. സർവ്വശക്തനായ ദൈവം താങ്കൾക്കായി ഏറ്റവും ശ്രേഷ്ഠമായതൊന്ന് കരുതിയിട്ടുണ്ട്. അബ്രഹാമിനെപ്പോലെ ആ കർത്താവിൽ പൂർണ്ണമായി ഉറച്ചു വിശ്വസിക്കുവാൻ ദൈവം നമ്മെയും സഹായിക്കുമാറാകട്ടെ.

**പരാമർശം :**

**റോമർ 1:17**

'ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല.'

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 029